# പതിനാലാംകേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1789 04-05-2017 ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

**ശ്രീ. സി.ദിവാകരൻ**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

### നികുതി വരുമാനത്തിലെ വർദ്ധനവ്

| | | |
|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച വളർച്ച നേടാനായോ എന്ന് വ്യക്തമാക്കുമോ; | 2016-17ലെ ബജറ്റിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 47613.61 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടുവാൻ കഴിഞ്ഞിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ പൊതുവിൽ നിലനിൽക്കുന്ന മാന്ദ്യവും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള നികുതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് ശരാശരി 8.98% ശതമാനമാണെങ്കിലും ഡിസംബർ മാസത്തെ വളർച്ചാ നിരക്ക് 2.35% ആയി കുറഞ്ഞിട്ടുണ്ട്. നോട്ട് അസാധുവാക്കൽ പ്രതിസന്ധിയാണ് വളർച്ചാ നിരക്ക് കുറയുന്നതിനുള്ള പ്രധാന കാരണമായി വിലയിരുത്തുന്നത് |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?; | |

**സെക്ഷൻ ഓഫീസർ**